പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 458 06.02.2013 -ലെ മറുപടി

ബസ് ചാർജ് വർദ്ധിപ്പിച്ചതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി. -യുടെ വരുമാനത്തിലുണ്ടായ വർദ്ധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അവസാനമായി ബസ് ച്ചാർജ് വർദ്ധിപ്പിച്ചതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിലുണ്ടായ വർദ്ധനവ് എത്രയാണെന്ന് വ്യക്തമാക്കുമോ ; | (എ) | വരുമാനത്തിൽ 11.14% -ത്തിന്റെ വർദ്ധനവ് ഉണ്ടായി. |
| (ബി) | അശാസ്ത്രീയമായ രീതിയിലാണ് പല ഫെയർസ്റ്റേജുകളും നടപ്പിലാക്കിയതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | നിലവിലുള്ള ഫെയർസ്റ്റേജുകളിലെ അപാകതകൾ സംബന്ധിച്ച് വിവിധ കേന്ദ്രങ്ങളിൽ നിന്നും ഒട്ടേറെ പരാതികൾ കെ. എസ്.ആർ.ടി. സി. യിൽ ലഭിച്ചു വരുന്നുണ്ട്. ഇതിന്റെ വെളിച്ചത്തിൽ ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി കേരളാ സ്റ്റേറ്റ് ഫെയർ റിവിഷൻ കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തിയിരിക്കുകയാണ്. റിട്ട. ജസ്റ്റിസ്. ശ്രീ. എം. രാമചന്ദ്രൻ ചെയർമാനായ ഫെയർ റിവിഷൻ കമ്മിറ്റി ഇതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. |
| (സി) | സ്വകാര്യ ബസുകളിൽ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ? | (സി) | സ്വകാര്യ ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ജീവനക്കാരിൽ നിന്നും നേരിടേണ്ടിവരുന്ന വിവേചനങ്ങൾ അവസാനിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ District students Travel facility Committee വിളിച്ചു ചേർക്കുവാനും വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പരാതികളിന്മേൽ ഉചിതമായ തീരുമാനങ്ങളെടുക്കുവാനും ആർ.ടി.ഒ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ യാത്രാ സൗജന്യവുമായി ബന്ധപ്പെട്ടപരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി പ്രസ്തുത വിഷയം ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെയോ, ട്രാൻസ്പോർട്ട് കമ്മീഷണറുടേയോ, സർക്കാരിന്റെയോ, ശ്രദ്ധയിൽ കൊണ്ടുവരുവാൻ എല്ലാ സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ഡയറക്ടർ ഓഫ് കോളീജിയേറ്റ് എഡ്യൂക്കേഷൻ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെതന്നെ എല്ലാ വിദ്യാർത്ഥികൾക്കും അവധി ദിവസങ്ങളിലും കൺസഷൻ അനുവദിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഗാന്ധിജയന്തി തുടങ്ങിയ എല്ലാ അവധി ദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് പ്രൈവറ്റ്/ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ കൺസഷൻ നിരക്കിൽ യാത്ര ചെയ്യുവാൻ സാധിക്കും. അതുപോലെ തന്നെ പല ബസ് സ്റ്റാൻഡുകളിലും ബസ് സ്റ്റോപ്പുകളിലും യാത്രക്കാരെ മുഴുവൻ കയറ്റിയതിനു ശേഷം വിദ്യാർത്ഥികളെ ക്യൂ നിർത്തി ബസ്സിൽ കയറ്റുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിനു വേണ്ടി സ്കൂൾ/കോളേജുകൾ സമീപമുള്ള ബസ്സ് സ്റ്റോപ്പുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനും മറ്റ് യാത്രക്കാർ മുഴുവൻ കയറിയതിനു ശേഷം വിദ്യാർത്ഥികളെ ക്യൂ നിർത്തി ബസ്സിൽ കയറ്റുക തുടങ്ങിയ തിക്താനുഭവങ്ങൾ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കുവാനും അത്തരം പരാതികൾ ഉണ്ടാകുകയാണെങ്കിൽ പ്രസ്തുത വാഹനത്തിലെ ജീവനക്കാർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുവാനും എല്ലാ ഡി.റ്റി.സി-മാർക്കും ആർ.ടി.ഒ മാർക്കും ജോയിന്റ് ആർ.ടി.ഓ മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി. യ്ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ കരട് |

| | | | |
|---|---|---|---|
| | | | വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം വന്ന് ഇത് നിയമമാകുന്നതോട് കൂടി വിദ്യാർത്ഥികൾക്ക് എല്ലാ സ്വകാര്യ ബസുകളിലും സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന യാത്രാ സൗജന്യം ഉപയോഗിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ